(ബി) ഈ മരണങ്ങൾ ഉണ്ടാകാനുള്ള കാരണമെന്ത് ;

(സി) തമ്പാനൂർ ബസ് സ്റ്റാന്റിൽ നിന്ന് പോകുകയും വരുകയും ചെയ്യുന്ന ബസ്സുകളുടെ സ്പീഡ് നിയന്ത്രിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബസ് സ്റ്റാന്റിനുള്ളിൽ നിന്നും പിന്നോട്ട് ബസ്സ് എടുക്കുന്ന ഡ്രൈവർക്ക് ബസ്സിന്റെ പിന്നിൽക്കൂടി ആൾ നടക്കുന്നതിനെപ്പറ്റി സൂചന നൽകുവാൻ എന്തെല്ലാം ഏർപ്പാടുകളാണ് ഉള്ളത് ;

(ഇ) പ്രസ്തുത ബസ് സ്റ്റാന്റിൽ അപകട മരണം ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

അപകടങ്ങൾ കുറയ്ക്കാൻ നടപടി

172 [629] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംഭവിച്ച വാഹന അപകടത്തിൽ മരിച്ചവരുടേയും പരിക്ക് പറ്റിയവരുടേയും ജില്ല തിരിച്ചുള്ള കണക്ക് തരം തിരിച്ച് വിശദമാക്കാമോ ;

(ബി) വർദ്ധിച്ച് വരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധം 'എ' യിൽ കൊടുത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) റോഡ് സുരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുക, വാഹന പരിശോധന ഊർജ്ജിതപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുക, അപകട സാദ്ധ്യതയേറിയ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുക, റോഡ് മാർക്കിംഗ് നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly